# SA2 Examination 2012-13

## Subject:Malayalam

**Grade:6** **Marks:80**

**Date: 14.03.13** **Time:2 ½ Hrs**

---

എ.വിഭാഗം

1. താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടേയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 8

സ്കൗട്ട്പ്രസ്ഥാനത്തിൽപ്പെട്ട ചിലരുമായെങ്കിലും നിങ്ങൾ പരിചയപ്പെട്ടു കാണും പ്രസന്നതയും പ്രസരിപ്പും കളിയാടുന്ന മുഖം ഒരു സ്കൗട്ടിൻെറ പ്രത്യേകതയാണ്. ഓരോ സ്കൗട്ടും ഒരു സത്പ്രവൃത്തിയെങ്കിലും എല്ലാ ദിവസവും ചെയ്തിരിക്കണമെന്ന് താനുൾപ്പെട്ട പ്രസ്ഥാനം അവനെ അനുശാസിക്കുന്നു. അതുചെയ്യാൻ സന്നദ്ധമായ ശരീരവും മനസ്സുമായി അവൻ സദാ അവസരം കാത്തിരിക്കുന്നു. തനിയെ ചെയ്യാൻ വൈമനസ്യം തോന്നുന്ന പല പ്രവൃത്തികളും തൻെറ സംഘത്തിൽപ്പെട്ടവരുമായി ചേർന്ന് സസന്തോഷം ചെയ്തു തീർക്കുന്നു. സംഘം ചേർന്നുള്ള ജീവിതത്തിൽ നിന്ന് ഉത്തരവാദിത്ത ബോധവും സഹകരണശീലവും കൃത്യനിഷ്ഠയും അവൻ പരിശീലിക്കുന്നു. പ്രഥമശുശ്രൂഷ, ആതുരപരിചരണം, രഹസ്യവും അടിയന്തിരവുമായ സന്ദേശം എത്തിച്ചു കൊടുക്കൽ, അപകടത്തിൽ പെട്ടവരെ രക്ഷിക്കൽ എന്നിങ്ങനെ പലതിലും നേരിട്ടുള്ള അനുഭവജ്ഞാനം സമ്പാദിക്കുന്നു. ചുരുക്കത്തിൽ ഒരു ധർമ്മഭടനു വേണ്ട യോഗ്യതകൾ നേടുന്ന ഒരു കളരിയായിരിക്കണം അവൻെറ സ്കൗട്ടു ജീവിതം.

1. സ്കൗട്ട്പ്രസ്ഥാനം അനുശാസിക്കുന്നതെന്ത്?
2. സംഘം ചേർന്നുള്ള ജീവിതത്തിൽ നിന്ന് ഒരു സ്കൗട്ടിനു ലഭിക്കുന്ന പരിശീലനമെന്ത്?
3. ഒരു സ്കൗട്ട് നേടുന്ന ജ്ഞാനത്തിൻെറ പ്രത്യേകതയെന്ത്?
4. ഒരുവൻ സ്കൗട്ടു ജീവിതത്തിൽ നേടേണ്ടതെന്ത്?

.2. ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക 5

" നാട്യ പ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

ബി. വിഭാഗം

3. ചേരും പടി ചേർത്തെഴുതുക 5

| | |
|---|---|
| 1. തകഴി ശിവശങ്കരപ്പിള്ള | വീണപൂവ് |
| 2. ഉള്ളൂർ | ചിത്രയോഗം |
| 3. കുമാരനാശാൻ | രമണൻ |
| 4. ചങ്ങമ്പുഴ കൃഷ്ണപിള്ള | ഉമാകേരളം |
| 5. വള്ളത്തോൾ നാരായണ മേനോൻ | ചെമ്മീൻ |

ശരിയായ ഉത്തരം ബ്രാക്കററിൽ നിന്ന് എടുത്തെഴുതുക

4 .അർത്ഥം എഴുതുക. 4

അർത്ഥന, വ്യാജം, കർക്കശൻ, മനോജ്ഞം

(ദയയില്ലാത്തവൻ, യാചന, മനോഹരം, കള്ളം.)

5. വിപരീതം എഴുതുക 2

ശാശ്വതം, സുലഭം.

(അഹിംസ, ദുർലഭം ഉഗ്രം, നശ്വരം )

6. പര്യായം എഴുതുക (രണ്ടെണ്ണം ) 4

വാൾ, നക്ഷത്രം

(അസി, ഖഗം, ഉഡു, മുകുരം, താരം, ഖഡ്ഗം,,)

7. നാനാർത്ഥം എഴുതുക 4

വർഷം, നവം

( സമ്പാദ്യം, മഴ, പുതിയ കൊല്ലം, ഒൻമ്പത് , ആയുധം)

8. ഒററപ്പദം എഴുതുക 2

ഹതമായ ഹൃദയം, ചുവന്ന നളിനം

9. വിഗ്രഹിച്ചെഴുതുക 4

സ്നേഹവാത്സല്യങ്ങൾ, കോമളാംഗി, മംഗളദീപം, വിദ്യാർത്ഥി,

10. പിരിച്ചെഴുതുക 4

അഗാധമായ, ത്യാഗമെന്നതേ, കീറിക്കളഞ്ഞു, മനോഹരിയമ്പരന്നു

11. വാക്യത്തിൽ പ്രയോഗിക്കുക 2

ഉത്സാഹപൂർവം, അധികമൗനം,

സി. വിഭാഗം

ശരിയായ ഉത്തരം ബ്രാക്കററിൽ നിന്ന് എടുത്തെഴുതുക 6

12 . ആധുനിക കവിത്രയത്തിൽ പെടാത്ത കവി

(കുമാരനാശാൻ, ചെറുശ്ശേരി, വള്ളത്തോൾ)

13. കേരള കലാമണ്ഡലത്തിന്റെ സ്ഥാപകൻ

(വള്ളത്തോൾ, ഉള്ളൂർ, കുമാരനാശാൻ)

14. മലയാള ഭാഷയുടെ പിതാവ്
(ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ,)

15. തകഴി ശിവശങ്കരപ്പിള്ളയ്ക്ക് ജ്ഞാന പീഠം അവാർഡ് നേടി കൊടുത്ത കൃതി.
(രണ്ടിടങ്ങഴി, ഏണിപ്പടികൾ, കയർ)

16 . ഗാന്ധിജിയുടെ വിജയകരമായ ആദർശമെന്ത്?
(ഹിംസ , ധർമ്മം, അഹിംസ)

17.. അപമാനിതമായ ഈ അവസരത്തിൽ ആ യുവാവ്
ഏകാന്തതയുടെ കാമുകനായി മാറി. യുവാവാർ.?

(ഡോ. എ.ജെ.ബോയ്ഡ്, എം.കെ.സാനു, ചങ്ങമ്പുഴ.)

18 പ്രയോഗം മാററുക 4

. 1. ചങ്ങമ്പുഴ ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കി.

2.. ബേബി ബോയിഡിനെ കളിയാക്കി ഒരു കാർട്ടൂൺ വരച്ചു.

19 അംഗവാക്യവും അംഗിവാക്യവും വേർതിരിച്ചെഴുതുക.

. 1. സ്വീകരണവേദിയിലേക്കുള്ള പടവുകൾ കയറുമ്പോൾ ബോയ്ഡ് എന്റെ കൈ പിടിച്ചു. 4

2. ക്രിസ്ത്യൻ കോളജിന്റെ ധനസമാഹരണത്തിനു ബോയിഡ് കോട്ടയത്തു വന്നപ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു.

20. അർഥവ്യത്യാസമില്ലാതെ വിധി വാക്യത്തെ നിഷേധ വാക്യമാക്കുക 4

1. ഓർമ്മശക്തിയുടെ കാര്യത്തിൽ ബോയ്ഡ് എല്ലാവരെയും അതിശയിപ്പിച്ചിരുന്നു.

2. ബേബിയുടെ മനസ്സിൽ മറക്കാനാവാത്ത ഒരു മുറിവായി ആ കാർട്ടൂൺ അവശേഷിച്ചു.

21. "എന്റെ ഗുരുനാഥൻ" എന്ന പദ്യത്തിൽ നിന്ന് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ആറു വരികൾ ക്രമത്തിൽ എഴുതുക 6

ഡി. വിഭാഗം

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.( ഏതെങ്കിലും മൂന്നെണ്ണം ) 12

22.. ബേബി കാട്ടിക്കൂട്ടിയ വികൃതിയെപ്പററി ഒരു കുറിപ്പെഴുതുക

23. മാറങ്കുളത്തിനടുത്തുള്ള മണൽപ്പരപ്പിലിരുന്നുകൊണ്ട് ചങ്ങമ്പുഴ ചിന്തിച്ച കാര്യങ്ങൾ സ്വന്തം വാക്യത്തിൽ എഴുതുക

24. ഡോ. എ. ജെ. ബോയ്ഡിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു.?

25. "പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ
തന്വിയാണവൾ കല്ലല്ലിരുമ്പല്ല." കൃതിയേത്? സന്ദർഭം വിവരിക്കുക .